വൈദ്യുതവിതരണം.

* 1041. [30] ശ്രീ. ഒ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954-55 സാമ്പത്തികവർഷത്തിൽ ഗ്രാമവൈദ്യുതീകരണപരിപാടി അനുസരിച്ച് വൈദ്യുതവിതരണം നടത്താൻ നിശ്ചയിച്ചിരുന്ന ഏതെല്ലാം ഗ്രാമങ്ങളിൽ അതനുസരിച്ചുള്ള ജോലികൾ പൂർത്തിയായിട്ടുണ്ട്. ;

(ബി) നെയ്യാറ്റിൻകര താലൂക്കിലെ കാഞ്ഞിരംകുളം, പൂവാർ, കമുകിൻതോട്ട്, പെരുങ്കടവിള, കുന്നത്തുകാൽ എന്നീ ഗ്രാമങ്ങളിലേയ്ക്ക് വിദ്യുച്ഛക്തി നീട്ടുവാൻ ഇതിനകം എന്തെല്ലാം ജോലികൾ ചെയ്തുകഴിഞ്ഞിട്ടുണ്ട്; ആ ഗ്രാമങ്ങളിൽ വൈദ്യുതവിതരണം പൂർത്തിയാക്കുവാൻ ഇനിയും എത്ര കാലം വേണ്ടിവരും ;

(സി) ഈ വിഷയത്തിൽ ഉൎജ്ജിതനടപടികൾ സ്വീകരിക്കുവാൻ ഗവണ്മെൻറ് തയ്യാറാകുമോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. ഇ. ഐ. വേലായുധൻ):

(എ) 1954-55-ൽ വൈദ്യുതീകരണം പൂർത്തിയാക്കിയ ഗ്രാമങ്ങളുടെ †ലിസ്റ്റ് മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(ബി) കാഞ്ഞിരംകുളം, പൂവാർ, കമുകിൻതോട്ട്, പെരുങ്കടവിള എന്നീ ഗ്രാമങ്ങളിലേയ്ക്ക് വൈദ്യുതവിതരണത്തിനുള്ള തൂണുകൾ നാട്ടിക്കഴിഞ്ഞു. അനന്തരജോലികൾ ഊർജ്ജിതമായി നടക്കുന്നു. കുന്നത്തുകാലിലേയ്ക്ക് വൈദ്യുതവിതരണത്തിനാവശ്യമായ സാധനസാമഗ്രികൾ ശേഖരിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത ജോലി മിക്കവാറും എട്ടുമാസത്തിനുള്ളിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) ഉവ്വ്.

തുല്യജോലിക്ക് തുല്യവേതനം.

* 1042. [33] ശ്രീ. വി. വി. സെബാസ്റ്റ്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുല്യ ജോലിക്ക് തുല്യവേതനം എന്ന തത്വം ഗവണ്മെൻറ് അംഗീകരിക്കുന്നുണ്ടോ ;

(ബി) ഈ തത്വം സ്വീകരിച്ച് പ്രൈവറ്റ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്ക് ഗവണ്മെൻറ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരോടൊപ്പം ശമ്പളവും സേവനവ്യവസ്ഥകളും അനുവദിച്ചുകൊടുക്കുന്നതിനെന്ന് ഇക്കഴിഞ്ഞ ബഡ്ജറ്റ്സമ്മേളനത്തിൽ ഗവണ്മെൻറ് പ്രഖ്യാപിച്ചിട്ടില്ലേ ;

(സി) ആ പ്രഖ്യാപനം അനുസരിച്ചുള്ള ശമ്പളപരിഷ്കാരം നടപ്പിൽ വരുത്തുന്നതിൽ വിളംബം വരുത്തുന്നതിനുള്ള കാരണമെന്താണ് ;

(ഡി) പ്രസ്തുത ശമ്പളപരിഷ്കാരം ഏതു രീതിയിൽ നടപ്പിൽ വരുത്തുവാനാണ് എന്നു നടപ്പിലാക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നു ?

†Please see Appendix XXVI.

LIBRARY ARCHIVES Kerala Legislative Assembly